**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4522** **19-07-2022 - ൽ മറുപടിയ്ക്ക്**

**കാവുകൾ സംരക്ഷിക്കുന്നതിനായി സർക്കാർ നടപ്പിലാക്കി വരുന്ന പദ്ധതികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.എം.സച്ചിൻദേവ് | | ശ്രീ . എ . കെ . ശശീന്ദ്രൻ<br>(വനം-വന്യജീവി വകുപ്പ് മന്ത്രി) | |
| (എ) | ബാലുശ്ശേരി മണ്ഡലത്തിൽ കാവുകൾ സംരക്ഷിക്കുന്നതിനായി അപേക്ഷകൾ ലഭിച്ചിട്ടുണ്ടോ; എങ്കിൽ പ്രസ്തുത അപേക്ഷകളിന്മേൽ സ്വീകരിച്ച നടപടികൾ അറിയിക്കാമോ; | (എ) | ബാലുശ്ശേരി മണ്ഡലത്തിൽ നിന്ന് കാവ് സംരക്ഷണത്തിന് ധനസഹായത്തിനായി മൂന്ന് അപേക്ഷകൾ ലഭിച്ചിരുന്നു. അവയിൽ ശ്രീ.മപ്പുറത്ത് കാവ്- ഉള്ളിയേരി, ശ്രീ.പാലോറത്ത് കാവ് – അത്തോളി എന്നീ കാവുകൾ തെരെഞ്ഞെടുക്കപ്പെട്ടിട്ടുണ്ട്. |
| (ബി) | തദ്ദേശസ്വയംഭരണ വകുപ്പുമായി ചേർന്ന് തൊഴിലുറപ്പ് പദ്ധതിയിലൂടെ കാവുകൾ സംരക്ഷിക്കുന്നതിനായി പ്രത്യേക പദ്ധതി തയ്യാറാക്കാൻ നടപടി സ്വീകരിക്കുമോ? | (ബി) | കാവുകൾ എല്ലാം തന്നെ സ്വകാര്യ വ്യക്തികൾ/ട്രസ്റ്റ്/ ദേവസ്വം എന്നിവയുടെ ഉടമസ്ഥതയിലായതിനാൽ തൊഴിലുറപ്പ് പദ്ധതിയിലൂടെ കാവുകൾ സംരക്ഷിക്കുന്നതിനായി പ്രത്യേക പദ്ധതി തയ്യാറാക്കാൻ നിർവ്വാഹമില്ല. |

സെക്ഷൻ ഓഫീസർ